ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സെഷനിൽതന്നെ ഈ ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

(എ) ഉണ്ടു്.

(ബി) അങ്ങനെ ഒരു പരാതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ശിവരാമനാശാരി: ചെങ്കോട്ടയിലെ ലേഡി ഡാക്ടറെപ്പറ്റി പരാതിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഒരു പരാതി ഉണ്ടായിരുന്നു. അതു് അന്വേഷിക്കുവാൻ സർജൻ ജനറലിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പുരുഷ ഡാക്ടർമാർ സ്ത്രീ രോഗികളെ ചികിത്സിക്കുന്നതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല. ചില ആശുപത്രികളിൽ ലേഡി ഡാക്ടറന്മാർ ആവശ്യമുണ്ടെന്നുകാണിച്ചു് അപേക്ഷ കിട്ടിയിട്ടുണ്ടു്

നഗരബത്ത

* ൧൧൨൯. (൧൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ തിരുവിതാംകൂർ ചീഫ് ഓഫീസിലെ ഉദ്യോഗസ്ഥന്മാർക്കു നഗരബത്ത എന്നപേരിൽ അലവൻസു കൊടുക്കുന്നുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഏതെങ്കിലും സ്ഥലത്തു നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുത്തു എന്നു പഠയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സെഷനിൽതന്നെ ഒന്നാം–ാം നമ്പർ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്. ബഹു. മെമ്പർ തന്നെ ചോദിച്ചിട്ടുള്ളതാണു്.

സപ്ലീസ് സംയോജനം

* ൧൧൨൮. (൧൮) സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സപ്ലീസ് സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) സപ്ലീസിലുള്ള വിഷമതകൾ നിമിത്തം.

സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: ഈ സപ്ലീസ് സംയോജനം പൂർത്തിയാക്കാത്തതുകൊണ്ടു് സപ്ലീസിൽ അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ. തീർക്കാത്തതു് അവർക്കു് ഇഷ്ടമായ ഒരു സംഗതി അല്ലെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly